ശാസ്ത്രി മടങ്ങി

(പി. ടി. ഐ) ന്യൂഡൽഹി, ഏപ്രിൽ 25
മൂന്നു ദിവസത്തെ നേപ്പാൾ പര്യടനം കഴിഞ്ഞു പ്രധാനമന്ത്രി ശാസ്ത്രി ഇന്നു വൈകുന്നേരം ഡൽഹിക്കു മടങ്ങിയിരിക്കുന്നു.

Reg: No. K. 81

തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്
വാർഷിക്യുപ്രതിപ്പ്

	പോസ്റ്റ്പടി	പോസ്റ്റ്വഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

വാല്യം 12 | ലക്കം 110 | 1965 ഏപ്രിൽ 26 തിങ്കൾ തൃശൂർ | വില 4 പൈസ | പേജ് 2

കാഞ്ചാർ കോട്ടിന്നടുത്തു് യുദ്ധം തുടരുന്നു

ഒട്ടുവിലത്തെ പാക്കു് നിർദ്ദേശങ്ങളും ഇന്ത്യ തള്ളിക്കളഞ്ഞു

മറ്റു് ഭാഗങ്ങളിലും പാക്കിസ്ഥാൻ ആക്രമണം അഴിച്ചുവിട്ടേക്കാം

(പി. ടി. ഐ) ന്യൂഡൽഹി, ഏ. 25

കച്ചു്–സിന്ധു് അതിർത്തിയിൽ ഇന്നലെ കാലത്തു് ആരംഭിച്ച പാക്കു് ആക്രമണം ഇന്നലെ രാത്രി വളരെ വൈകിയിട്ടും തുടർന്നുകൊണ്ടിരിക്കുകയാണെന്നു് റിപ്പോർട്ടു് ചെയ്യപ്പെട്ടതു.

കാഞ്ചാർ കോട്ടിന്നു് 30 നാഴിക കിഴക്കായി യുദ്ധം നടന്നു് കൊണ്ടിരിക്കുകയാണു് ആ ഭാഗത്തേക്കു് ഇന്ത്യ പോഷക സേനകളെ നീക്കിയിട്ടുണ്ടു്.

യാതൊരു പ്രകോപനവുമില്ലാതെ പാക്കിസ്ഥാൻ പുതിയ ആക്രമണങ്ങളും നടത്തിയിട്ടുള്ള ഈ സന്ദർഭത്തിൽ പാക്കു് നിർദ്ദേശങ്ങളും ഇന്ത്യാ ഗവണ്മേണ്ടു് തള്ളിക്കളഞ്ഞുവെന്നു് ഒരു ഔദ്യോഗിക വക്താവു് പ്രസ്താവിച്ചു.

(കച്ചു്–സിന്ധു് അതിർത്തിയിൽനിന്നു് ഇരുകക്ഷികളും സേനകളെ പിൻവലിക്കണമെന്നായിരുന്നു. പാക്കിസ്ഥാന്റെ നിർദ്ദേശം) നയതന്ത്രസംരംഭങ്ങളുടെ ഇപ്പോഴത്തെ ഗതി ഒരു വെടിനിർത്തലിന്നും, തുടർന്നുള്ള ചർച്ചകൾക്കും അനുകൂലമല്ലെന്നു്. വക്താവു് പറഞ്ഞു.

ഇതിനെ സംബന്ധിച്ചു് ന്യൂഡൽഹിയിലും കറാച്ചിയിലും സംഭാഷണങ്ങളും നടന്നു് കൊണ്ടിരിക്കുന്ന അവസരത്തിൽ പാക്കിസ്ഥാൻ വൻതോതിൽ ആക്രമണം അഴിച്ചു് വിട്ടതു് ഖേദകരമാണു്. വെടിനിർത്തുന്നതിന്നുള്ള കരാറിൽ എത്തിച്ചേരുന്നതിന്നുള്ള ആത്മാർത്ഥമായ ആഗ്രഹം പാക്കിസ്ഥാനു് ഉണ്ടോയെന്നകാര്യം സംശയമാണു് ആക്രമണത്തിന്റെ സ്വഭാവം നോക്കുമ്പോൾ മൻകൂട്ടി കരുതിവിട്ടിരുന്നതായാണു് കാണുവാൻ വിഷമമില്ല അതിന്റെ അർത്ഥം പാക്കിസ്ഥാനു് ഇന്ത്യയോടുള്ള ശത്രുതകരുത്തായ ഒരു ഭീഷണിയായി കഴിഞ്ഞിരിക്കുന്നുവെന്നാണു്. വിപുലമായ ഇന്ത്യാ–പാക്കു് അതിർത്തിയിൽ ഇത്തരത്തിലുള്ള ആക്രമണങ്ങൾക്കെതിരായി പാക്കിസ്ഥാൻ മടിക്കില്ലെന്നു് സംശയിക്കുന്നതിനെ നേരിടുവാൻ എല്ലാ കരുതൽ നടപടികളും നാം എടുക്കുന്നുണ്ടു്.

കനത്ത കേന്ദ്രീകരണം

കച്ചു്–സിന്ധു് അതിർത്തിയിൽ പാക്കു് സേനകളുടെ കനത്ത കേന്ദ്രീകരണമുണ്ടു്. ബഹുഭൂരിപക്ഷവും പാക്കിസ്ഥാൻ കൂടുതൽ സേനകളെ ആട്ടങ്ങോട്ടു് നീക്കുന്നുണ്ടെന്നും ഗവണ്മേണ്ടിന്നു് അറിവു് കിട്ടിയിരിക്കുന്നു. ഈ മേഖലയിലുള്ള പാക്കു് സേനയിൽ ഒരു കാലാൾപ്പട്ടാ ഡിവിഷനും, ഇടത്തരം ടാങ്കുകളുടെ ഒരു റെജിമെൻറും, ചെറുകിട ടാങ്കുകളുടെ ഒരു റെജിമെൻറു് എഫ്–86 തരത്തിൽപ്പെട്ട യുദ്ധവിമാനങ്ങളുടെ രണ്ടു് സ്ക്വാർഡ്രനും അർദ്ധ സൈനിക സിന്ധ് റെയിഞ്ചേഴ്സുമുണ്ടു്.

പാക്കു് നിർദ്ദേശങ്ങളെ ഇന്ത്യാ ഗവണ്മേണ്ടു് തള്ളിക്കളഞ്ഞുവെന്നു് പ്രഖ്യാപിച്ചതോടൊപ്പം പക്ഷേ ഇപ്പോൾ പാക്കിസ്ഥാന്റെ കോർട്ടിലാണെന്നും വക്താവു് പറയുകയുണ്ടായി. ഇന്ത്യാഗവണ്മേണ്ടിനെ സംബന്ധിച്ചേടത്തോളം ഞങ്ങൾ ചർച്ചകൾക്കു് തയ്യാറാണു്. നിലവിലുള്ള സംഘർഷാവസ്ഥയും, സംഘട്ടനവും അവസാനിച്ചു് കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ സ്ഥിതിവിശേഷം സൃഷ്ടിച്ചതു് ഞങ്ങളല്ല. നമ്മുടെ സങ്കേതങ്ങളെ രക്ഷിക്കുന്നതിനു് ആവശ്യമായ സേനകളെ മാത്രമേ നാം അയച്ചിട്ടുള്ളൂ.

ഇന്ത്യൻ സേനകളുടെ കനത്ത കേന്ദ്രീകരണത്തെ സംബന്ധിക്കുന്ന പാക്കു് പ്രചരണത്തിന്നു് യാതൊരു അടിസ്ഥാനവുമില്ല.

പാക്കിസ്ഥാന്റെ പുതിയ നിർദ്ദേശം ഒരു ഉന്നതതല സമ്മേളനം കൂടുന്നതിന്നാണു്. ഇന്ത്യ രണ്ടു് തരം സമ്മേളനങ്ങളും വേണമെന്നു് നിർദ്ദേശിച്ച കാര്യം തക്ക പ്രദേശത്തിന്റെ സ്ഥാനനിർണ്ണയത്തിനുവേണ്ടി മാത്രമാണു് ഇന്ത്യയും പാക്കിസ്ഥാനും ശക്തിപ്പെടുത്തുമെന്നു് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ഡീൻ റസ്കു് ഇന്നലെ ആശ പ്രകടിപ്പിച്ചു.

റാൺ ഓഫ് കച്ചിൽ പുതുതായി പൊട്ടിപ്പുറപ്പെട്ട ആക്രമണങ്ങളെപ്പറ്റി ചോദിച്ചപ്പോൾ ഇന്ത്യാഗവണ്മേണ്ടുകളും അമേരിക്കൻഗവണ്മേണ്ടുമായി സാധിക്കും പുലർത്തുന്നുണ്ടെന്നു് വക്താവു് പറഞ്ഞു. സ്ഥിതിഗതികളെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾക്കു് അമേരിക്ക കാത്തിരിക്കുകയാണു്.

അതിർത്തിപ്രശ്നങ്ങളെ സംബന്ധിച്ചു് ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ സംഭാഷണങ്ങൾ നടക്കുന്നുണ്ടെന്നാണു് അമേരിക്കക്കു് കിട്ടിയിട്ടുള്ള വിവരമെന്നും പ്രശ്നപരിഹാരത്തിനുള്ള ശ്രമങ്ങളെ അവർ ശക്തിപ്പെടുത്തുമെന്നുമാണു് തങ്ങളുടെ ആശയെന്നും വക്താവു് പറഞ്ഞു.

....

24–ാംസമാന്തരരേഖ

ഇരുഭാഗങ്ങളും അവരുടെ സേനകളെ പിൻവലിക്കണമെന്നും പാക്കിസ്ഥാൻ നിർദ്ദേശിച്ചിരുന്നു. പാക്കിസ്ഥാന്റെ സ്ഥാനമാണെന്നു് അവകാശപ്പെട്ടിട്ടുണ്ടു്. ആദ്യമായി ആ ഭാഗത്തെ 24–ാം സമാന്തരരേഖയെന്നും പാക്കിസ്ഥാൻ പേരിട്ടിരിക്കുന്നു. മുമ്പൊക്കെ ഈ പ്രദേശത്തെ റാൺ കാഫ് കച്ചെന്നേ പറയാറുള്ള 3500 ചതുരശ്രനാഴികയാണു് ഈ പ്രദേശത്തു പാകിസ്ഥാൻ അവകാശപ്പെട്ടിട്ടുള്ളതു്. ഈ പ്രദേശത്തിന്റെ മേലുള്ള പാക്കിസ്ഥാന്റെ ഏകപക്ഷീയമായ അവകാശവാദം ഇന്ത്യൻപ്രദേശത്തിന്റെ മേലുള്ള ചൈനീസ് അവകാശവാദത്തിന്നു് സമാനമാണു്.

ബന്ധംപുലർത്തുന്നു

അമേരിക്കൻ എമ്പസിയിലെ മിനിസ്റ്റർ ജോസഫ് ഗ്രീൻ ഇന്നലെ വിദേശകാര്യസിക്രട്ടറി വി. എസ്. ഡായെ കണ്ടു് കച്ചു്–സിന്ധു് അതിർത്തിയിലെ സംഭവവികാസങ്ങളെപ്പറ്റിയുള്ള ഒരു വിവരണം വിദേശകാര്യസിക്രട്ടറി ജോസഫ് ഗ്രീനിന്നു് നൽകി

ഇന്ത്യൻ അതിർത്തിയിലെ പാക് ആക്രമണങ്ങളെ സംബന്ധിച്ചും ഇന്ത്യ സുഹൃൽരാഷ്ട്രങ്ങളുമായി ബന്ധം പുലർത്തിക്കൊണ്ടിരിക്കുന്നു.

കച്ചു്പ്രശ്നത്തിൽ ഉഭയഗവർമ്മെണ്ടുകളും സമീപിച്ചിട്ടുണ്ടെന്നു് അമേരിക്ക

[റോയിട്ടർ] വാഷിംഗ്ടൺ, ഏ. 25

അതിർത്തിത്തർക്കങ്ങളും പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും ഇന്ത്യയും പാക്കിസ്ഥാനും ശക്തിപ്പെടുത്തുമെന്നു് അമേരിക്കൻ സ്റ്റേറ്റ്ഡിപ്പാർട്ടുമെണ്ടു് ഇന്നു പ്രകടിപ്പിച്ചു.

കച്ചു് പ്രശ്നത്തിൽ ഉഭയഗവർമ്മെണ്ടുകളും സമീപിച്ചിട്ടുണ്ടെന്നു് അമേരിക്ക

[റോയിട്ടർ] വാഷിംഗ്ടൺ, ഏ. 25

അതിർത്തിത്തർക്കങ്ങളും പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും ഇന്ത്യയും പാക്കിസ്ഥാനും ശക്തിപ്പെടുത്തുമെന്നു് അമേരിക്കൻ സ്റ്റേറ്റ്ഡിപ്പാർട്ടുമെണ്ടു് ഇന്നു പ്രകടിപ്പിച്ചു.

പ്രൊഫസ്സർ ജോൺ ബെർണാലിന്റെ അദ്ധ്യക്ഷതയിൽ രഹസ്യമായിട്ടാണു് യോഗം കൂടുന്നതു്. യോഗാവസാനത്തിൽ ഒരു പ്രസ്താവന പുറപ്പെടുവിക്കുമെന്നു പ്രതീക്ഷിക്കുന്നു.

....

ആരോപണങ്ങൾക്കു് മറുപടി കൊടുത്തിട്ടുണ്ടെന്നു് ഇ. എം. എസ്.

(പി. ടി. ഐ) ബോംബെ ഏ. 25

ആഭ്യന്തരമന്ത്രി നന്ദ ഉന്നയിച്ച ആരോപണങ്ങൾക്കു് തടങ്ങലിലുള്ള അഞ്ചു് ഇടതുപക്ഷ കമ്മ്യൂണിസ്റ്റു് നേതാക്കൾ മറുപടി പറഞ്ഞിട്ടുണ്ടെന്നു ഇടതുപക്ഷ കമ്മ്യൂണിസ്റ്റു് നേതാവു് ഈ. എം. എസ്. നമ്പൂതിരിപ്പാടു് ഇവിടെ ഒരു പത്രസമ്മേളനത്തിൽ പ്രസ്താവിച്ചു. മിനന്ദ തന്റെ ജനുവരിയിലെ പ്രക്ഷേപണ പ്രസംഗത്തിൽ കൊണ്ടുവന്ന ആരോപണങ്ങൾക്കു് ഈ നേതാക്കൾ നടങ്കം, പ്രധാനമന്ത്രി ശാസ്ത്രിക്കു അയച്ച മറുപടികളും അടുത്തു് തന്നെ പ്രസിദ്ധീകരിക്കുന്നതാണെന്നു് അദ്ദേഹം പറഞ്ഞു. ഇടതുപക്ഷ കമ്മ്യൂണിസ്റ്റു് നേതാക്കളും കൊടുത്ത ഈ മറുപടികളും പ്രസിദ്ധീകരിക്കുവാൻ ഇന്ത്യാഗവണ്മേണ്ടു് ഒരുങ്ങിയിട്ടില്ല അതുകൊണ്ടു് തന്റെ പാട്ടിക്കു് ആ മറുപടികളും പ്രസിദ്ധീകരിക്കുന്നതിനുള്ള അവകാശമുണ്ടെന്നു് നമ്പൂതിരിപ്പാടു് പറഞ്ഞു. നിയമമോപദേശം തേടിക്കൊണ്ടു് എൻ. സി. ചാറർജിക്കു് ഈ നേതാക്കൾ അയച്ച കത്തു് ഇനിയും ചാറർജിക്കു് കിട്ടിയിട്ടില്ല.

—

പുതിയ ലോകസംഘടന സൃഷ്ടിക്കാൻ ആചനയുടെ പുറപ്പാടു്

[റോയിട്ടർ] ജക്കാർത്ത ഏ 25

ഒരു പുതിയ ലോകരാഷ്ട്രസംഘടനാ സൃഷ്ടിക്കുന്നതിന്നു് ചൈന ആലോചിച്ചു് വരികയാണെന്നു് ചൈനീസ് പ്രധാനമന്ത്രി ചൌ–എൻ–ലായി ഒരു ഉയർന്ന ഇന്തോനേഷ്യൻ ഉദ്യോഗസ്ഥനോടു് ഇന്നു് പറഞ്ഞതായി റിപ്പോർട്ടു് ചെയ്യപ്പെടുന്നു.

ഐക്യരാഷ്ട്രസംഘടനയിൽ നിന്നു് ഇന്തോനേഷ്യവിട്ടു് പോന്നസ്ഥിതിക്കു് ചൈന ഇനി അതിൽ അംഗത്വത്തിന്നു് വേണ്ടി ശ്രമിക്കുകയില്ലെന്നു് ചൌ പീപ്പിൾസ് കൺസൾട്ടേറ്റീവ് കോൺഗ്രസ്സിന്റെ വൈസ് പ്രസിഡണ്ടു് സുഡ്റോമി ജോജോയോടു് പറഞ്ഞതായി അന്നാണു് അൻറാറ ന്യൂസ് ഏജൻസി റിപ്പോർട്ടുചെയ്ത ഐകൃരാഷ്ട്രങ്ങൾക്കു് പകരം പുരോഗമനപരവുമായ ഒരു പുതിയ ലോകസംഘടന രൂപീകരിക്കുന്നതിനാണു് ചൈന ശ്രമിക്കുന്നതെന്നും ചൌ പറഞ്ഞു.

ചൌവിന്റെ ആശയത്തിന്നു് പൂർണ്ണ പരിഗണന കിട്ടുമെന്നു് ജോജോ വ്യക്തമാക്കി കഴിഞ്ഞ എട്ടു് ദിവസമായി ചൌ ജക്കാർത്തയിലുണ്ടു്. സന്ദർശനം എന്നാണു് അവസാനിക്കുകയെന്നതിനെപ്പറ്റി ഔദ്യോഗികവൃത്തങ്ങൾ ഒന്നും പറയുന്നില്ല.

—

മനുഷ്യരാശിക്കു് വേണ്ടി ഇന്ത്യ ആത്മത്യാഗത്തിന്നു് മടിക്കില്ല

ലാൽബഹദൂർ ശാസ്ത്രി

(പി ടി ഐ) കാത്തുമണ്ഡു ഏ. 25

എല്ലാ പ്രമുഖ അന്താരാഷ്ട്രീയ പ്രശ്നങ്ങളിലും ഇന്നു നേപ്പാൾ ഗവണ്മേണ്ടുകളും തമ്മിൽ യോജിപ്പുണ്ടെന്നു് ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി ഇവിടെ പ്രസ്താവിച്ചു:

മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയസ്ഥിതിഗതികളും ഉയർത്തുന്ന ലോകപ്രശ്നങ്ങളെപ്പറ്റിയും ഇരുരാഷ്ട്രങ്ങളും കൂടിയാലോചനകളും നടത്തുന്നതാണു്. അങ്ങിനെ അന്താരാഷ്ട്രീയ രംഗത്തു് ഇന്ത്യയും, നേപ്പാളും യോജിച്ചു് പ്രവർത്തിക്കുവാൻ ശ്രമിക്കും. നേപ്പാൾ–ഭരത് മൈത്രീ സംഘം ഇന്നലെ വൈകുന്നേരം നല്ലിയ ഒരു മംഗള പത്രത്തിന്നു് ശാസ്ത്രി മറുപടി പറയുകയായിരുന്നു. സ്വതന്ത്രപരമാധികാര രാഷ്ട്രങ്ങളും തമ്മിൽ എല്ലാ പ്രശ്നങ്ങളിലും നൂറു ശതമാനം യോജിപ്പുണ്ടാകുകയെന്നതു് അസാധ്യമാണു് എന്നിരുന്നാലും പ്രമുഖലോക പ്രശ്നങ്ങളെ സംബന്ധിച്ചേടത്തോളം ഇന്ത്യയും നേപ്പാളും തമ്മിൽ അഭിപ്രായൈക്യമുണ്ടു്.

ഇന്ത്യക്കും, നേപ്പാളിനും ഇടയിൽ നിലനിന്നുള്ള വിഷമങ്ങളോ, പ്രശ്നങ്ങളോ ഇന്നില്ല. ഇന്ത്യയുടെ സ്വതന്ത്ര പ്രതിരോധാവശ്യങ്ങളേക്കാൾ പ്രഥമസ്ഥാനം മനുഷ്യരാശിയുടെ ആവശ്യങ്ങൾക്കാണു് ഇന്ത്യ നല്ലകയെന്നു് ശാസ്ത്രി പ്രഖ്യാപിച്ചു. മനുഷ്യരാശിക്കു് വേണ്ടി ഇന്ത്യ ആത്മത്യാഗത്തിന്നു് കൂടി ഒരുക്കമാണെന്നു് അദ്ദേഹം പറഞ്ഞു. ഇത്തരത്തിലുള്ള ഒരു മനോഭാവം രാഷ്ട്രങ്ങൾക്കിടയിലുള്ള ഭയത്തേയും, സംശയത്തേയും നീക്കുമെന്നു് ശാസ്ത്രി പുഞ്ചിരിച്ചുകൊണ്ടു് പറഞ്ഞു.

....

കോട്ടയത്തിനുള്ള 34000 ചാക്കു് സിമൻറു് നഷ്ടപ്പെട്ടു

സർക്കാരും വ്യാപാരികളും തമ്മിലുള്ള മൽപ്പിടുത്തംമൂലം ജനങ്ങൾ കഷ്ടപ്പെടുന്നു

കോട്ടയം ഏ. 24

ഇക്കഴിഞ്ഞ മാർച്ചുമാസംകൊണ്ടവസാനിക്കുന്ന 3 മാസക്കാലത്തേക്കു് കോട്ടയം ജില്ലയ്ക്കു് 36000 ചാക്കു് സിമൻറു് അനുവദിച്ചിരുന്നെങ്കിലും, അതിൽ 34000 ചാക്കു് ലാപ്സായിപ്പോകുകയാണെന്നുള്ളതിനെ റിപ്പോർട്ടു ചെയ്യപ്പെടുന്നു.

ജനങ്ങൾക്കു് അതികഠിനമായ സിമൻറ്ക്ഷാമം അനുഭവപ്പെടുന്ന ഈ സമയത്തു് കോട്ടയം ജനതയ്ക്കു് കിട്ടേണ്ട 34000 ചാക്കു് സിമൻറു് പാഴിൽ കളഞ്ഞതു് സക്കാരും വ്യാപാരികളും തമ്മിലുള്ള ഒരു മത്സരത്തിന്റെ ഫലമാണെന്നാറിയുന്നു.

അന്വേഷണത്തിൽ കിട്ടിയ വിവരങ്ങളാണു് ചുവടെ ചേർക്കുന്നതു്.

കോട്ടയം ജില്ലയ്ക്കു് ഇക്കഴിഞ്ഞ കാർട്ടറിൽ 36000 ചാക്കു് സിമൻറാണു് അനുവദിച്ചിട്ടു് ഒരൊറ്റ വ്യാപാരി മാത്രമാണു് ഇതുവരെയായി ഡലിവറി എടുത്തിട്ടുള്ളതു്. ഇത്തവണയും മുപ്പതിനായിരത്തിന്മേൽ ചാക്കു് സിമൻറു് ലാപ്സായിപ്പോകുമെന്നും കരുതപ്പെടുന്നു.

....

മോൺ: സഖറിയാസ് വാഴപ്പിള്ളിയുടെ പൌരോഹിത്യ രജതജൂബിലി ആഘോഷചടങ്ങുകൾ സമാപിച്ചു

[സ്വ. ലേ.] മരിയാപുരം, ഏപ്രിൽ 25

തൃശൂർ രൂപതാ വികാരി ജനറാളും മരിയാപുരം മിഷ്യൻ ഹോം സ്ഥാപകനുമായ റൈറ്റ് റവ മോൺ: സഖറിയാസ് വാഴപ്പിള്ളിയുടെ കഴിഞ്ഞ രണ്ടുദിവസമായി നടന്നുവന്നിരുന്ന പൌരോഹിത്യ രജതജൂബിലി ആഘോഷങ്ങൾ ഇന്നിവിടെ ആഡംബരപൂർവ്വം സമാപിച്ചിരിക്കുന്നു.

കാലത്തു് ജൂബിലേറിയൻ പരി: പാട്ടുകർബ്ബുന അർപ്പിച്ചതോടെയാണു് ഇന്നത്തെ ചടങ്ങുകൾ ആരംഭിച്ചതു്. കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണവും നടത്തപ്പെട്ടു. ഉച്ചതിരിഞ്ഞു നടന്ന ദിവ്യകാരുണ്യപ്രദക്ഷിണം ഭക്തിസംബന്ധമായിരുന്നു. പള്ളിയിൽനിന്നു ജൂബിലി നഗറിൽ മദ്ധ്യാഹ്നമായി നിർമ്മിച്ചിട്ടുള്ള (ബോംബെയിലെ ഓവൽ മൈതാനത്തിൽ വച്ചുമാക്കിയിരുന്നതുപോലുള്ള] അംഗത്താരയിലേയ്ക്കു് നീങ്ങിയ ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ രൂപതയുടെ നാനാഭാഗത്തുനിന്നുമുള്ള ധാരാളം വൈദികരും കന്യാസ്ത്രികളും ആയിരക്കണക്കിനു് ഭക്തജനങ്ങളും സംബന്ധിച്ചു പരി. കർബ്ബാനയുടെ വാഴ്വും ഉണ്ടായിരുന്നു.

ഉടനു് നടന്ന സമാപനസമ്മേളനത്തിൽ റൈറ്റ് റവ. മോൺ. സെബാസ്റ്റ്യൻ ചിറയത്തു് അദ്ധ്യക്ഷം വഹിച്ചു. റവ. ഫാ. ജോസഫ് കാക്കശ്ശേരി സ്വാഗതപ്രസംഗം നടത്തി പ്രൊഫ: ടി. കെ. മാത്യു പ്രസംഗിച്ചു.

ബാലികാബാലന്മാരുടെ വിവിധ കലാപരിപാടിയും സമ്മേളനത്തിനു മോടികൂട്ടി. സമ്മേളനാവസാനം സി. ഏൽ ജോസിമറ "കരുത്ത വെളിച്ചം" എന്ന നാടകവുമുണ്ടായിരുന്നു.

—

നിയമ വിരുദ്ധകൂടിയേറ്റക്കാരെ സിലോൺ തിരിച്ചയക്കും

[പി. ടി. ഐ] കൊളമ്പോ ഏ. 25

സിലോണിൽ തടങ്ങലിൽ കഴിയുന്ന നിയമ വിരുദ്ധ കുടിയേറ്റക്കാരെ വിമാനമാർഗ്ഗം തിരിച്ചയക്കുന്ന കാര്യം സിലോൺ ഗവണ്മേണ്ടു് പരിഗണിച്ചുവരുന്നു. ഇതിനുള്ള സാധ്യതകളെപ്പറ്റി ആരായുവാൻ സിലോൺ റേയൽ എയർ ഫോഴ്സിനോടു് ഗവണ്മേണ്ടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

—

പാക്കു് സേന മുഴുവൻ യുദ്ധത്തിനും ഒരുങ്ങുന്നു

[പി. ടി. ഐ.] ന്യൂഡൽഹി ഏ. 25

പാക്കിസ്ഥാൻ അതിന്റെ മുഴുവൻ സേനകളേയും യുദ്ധത്തിനു തയ്യാറാകുവാൻ കല്പന പുറപ്പെടുവിച്ചിട്ടുണ്ടെന്നു് ഇന്ത്യൻ രഹസ്യ വകുപ്പിന്നു് വിവരം കിട്ടിയിട്ടുണ്ടു്.

ഒരു ഔദ്യോഗിക വക്താവാണു് ഇന്നു് ഈ വിവരം വെളിപ്പെടുത്തിയതു്. പാക്കിസ്ഥാനിൽ എല്ലാ സൈനിക അവുധികളും റദ്ദുചെയ്തിരിക്കുകയാണു്, അവുധിയിലുള്ളവരെ തിരിച്ചുവിളിച്ചിട്ടുമുണ്ടു്. കരസേനയിലെയും, നാവിക സേനയിലേയും, വ്യോമസേനയിലേയും റിസർവ്വ്കാരേയും തിരിച്ചുവിളിക്കുന്നതിനു് ഉത്തരവായിട്ടുണ്ടു്.

സിന്ധിലുള്ള റസ്ക്കർമാക്കും, ഹൈദ്രാബാദിനും കഴിഞ്ഞ ഏതാനും ദിവസങ്ങളായി കാര്യമായ പരിശീലനം നൽകിക്കൊണ്ടിരിക്കുന്നു. പഞ്ചാബിലും, ജമ്മു–കാഷ്മീരിലുമുള്ള ഇതേ വിഭാഗങ്ങളുടെ പരിശീലനവും ശക്തിപ്പെടുത്തിയിട്ടുണ്ടു്. കിഴക്കൻ പാക്കിസ്ഥാൻ അതിർത്തിയിലുള്ള പാക്കു് സേനകളേയും ഉഷാറാക്കിയിട്ടുണ്ടു്.

കാഞ്ചാർകോട്ടിന്നു മുപ്പതുനാഴിക കിഴക്കായുള്ള 84–ാം പോയിൻറിൽ ആക്രമണം നടത്തിയ പാക്കു്സേന അവരുടെ സ്ഥാനം ഭദ്രമായുള്ള സങ്കേതത്തിലേക്കു് പിൻവാങ്ങിയെന്നും ഒരു ഉദ്യോഗിക വക്താവു് ഇന്നു് പ്രസ്താവിച്ചു.

ന്യൂഡൽഹി മാത്രമുണ്ടായിരുന്ന ഇന്ത്യൻസേനാ വിഭാഗം പാക്കു് ആക്രമണത്തെ ചെറുത്തുവെന്നും അവർ പോയിൻറിൽനിന്നു പിൻവാങ്ങിയെങ്കിലും അവരുടെ സങ്കേതത്തിലേക്കു് തിരിച്ചുപോയിട്ടില്ലെന്നും വക്താവു് തുടർന്നുപറഞ്ഞു.

ആക്രമണംനടന്ന സ്ഥലത്തു് ഒരു സങ്കേതമില്ല. അതൊരു പട്ടണമോ, ഗ്രാമമോ, അല്ല. ഏറെക്കുറെ അതൊരു കന്നിൻപ്രദേശമാണു്. എന്നിരുന്നാലും അതു് തീച്ചയായും നമ്മുടെ പ്രദേശമാണെന്നു് വക്താവു് പറഞ്ഞു.

....

പെട്രോ–കെമിക്കൽസ് വ്യവസായം മദ്രാസിനു്

കേരളത്തോടു് കേന്ദ്രത്തിനു് അവഗണനതന്നെ

(സ്വന്തം ലേഖകൻ) ന്യൂഡൽഹി, ഏ 24

നാലാംപഞ്ചവത്സരപദ്ധതിയിൽ രണ്ടാമതൊരു പെട്രോ–കെമിക്കൽ വ്യവസായങ്ങളും മദ്രാസിനു് ലഭിക്കുവാനാണു് സാദ്ധ്യതയെന്നു് അറിവായി.

ദേശീയപ്രാധാന്യമുള്ള മുഴുവൻ വ്യവസായങ്ങളും കേരളത്തിനു് നഷ്ടപ്പെടുന്നതിനെപ്പറ്റി പാർലിമെൻററി മെമ്പർമാരുടെ കേരളത്തിൽ അതു സ്ഥാപിക്കുന്നതിൽ താല്പര്യമില്ല.

പെട്രോളിയം–കെമിക്കൽസ് വകുപ്പു മന്ത്രി ഫക്രുദ്ദീൻ അലി അഹമ്മദിന്നു് ഇക്കാര്യം പ്രസ്താവിച്ചതായും വിശ്വസിയോഗ്യമായ കഴിഞ്ഞിരിക്കുന്നു.

പെട്രോ–കെമിക്കൽ വ്യവസായം മദ്രാസിൽ തുടങ്ങുന്നതിനാണു് ഫക്രുദ്ദീൻ കബീർ പ്രസ്തുത യോഗത്തിൽ കൂടുതൽ പ്രസ്താവിച്ചതു്. 'കൊച്ചിയിലെ എണ്ണശുദ്ധീകരണശാലക്കു് ലഭിച്ചിട്ടുള്ള' തെന്നാണു് പെട്രോ–കെമിക്കൽ വ്യവസായങ്ങൾക്കായി എതുയോ മെച്ചപ്പെട്ട ഉടമ്പടി വ്യവസ്ഥകളാണു്. മദിരാശി എണ്ണശുദ്ധീകരണശാലക്കു് ലഭിച്ചിട്ടുള്ള' തെന്നാണു് പെട്രോ–കെമിക്കൽ വ്യവസായങ്ങൾക്കും, കൊച്ചിയിൽ സ്ഥാപിക്കുന്നതുകൊണ്ടു്, മെച്ചമൊന്നുമില്ല എന്നു് സമർത്ഥിക്കാനാണു് കബീർ ശ്രമിച്ചിട്ടുള്ളതെന്നറിയുന്നു.

ഏതായാലും, ഫക്രുദ്ദീൻ കബീറിന്റെ വാദത്തിനു് അനുപചാരിക പാർലുമെൻററി സമിതിയോഗം അംഗീകാരം നൽകിയിട്ടുണ്ടെന്നും അറിയുന്നു, കൊച്ചിയിലെ എണ്ണശുദ്ധീകരണശാലക്കു ലഭിച്ചിട്ടുള്ള ഉടമ്പടി വ്യവസ്ഥകളുടെ അപര്യാപ്തത യോഗത്തിൽ കബീർ വിശദീകരിയ്ക്കുകയേ, മെമ്പർമാർ അതു ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല എന്നുമറിയുന്നു. മെമ്പർമാർക്കു് കൊച്ചി എണ്ണശുദ്ധീകരണശാലയുടെ കാര്യത്തിലോ, അതോടനുബന്ധിച്ചു് ഏപ്പെടുത്തേണ്ട വ്യവസായങ്ങളുടെ കാര്യത്തിലോ അതു വലിയ താല്പര്യം ഉണ്ടെന്നു തോന്നുന്നില്ല.

കെ. ഷെച്ചൽ കോർപ്പറേഷൻ പ്രതിനിധികളായി, എപ്രിൽ 26–നു പെട്രോ കെമിക്കൽ വ്യവസായം സംബന്ധിച്ചു് കൂടിയാലോചന നടത്തുമെന്നും ഒരുടമ്പടി ഉണ്ടാക്കുമെന്നും കബീർ കൂടിയാലോചനയോഗത്തിൽ വെളിപ്പെടുത്തി. മെയ്മാസം അവസാനത്തോടെ ഇതു സംബന്ധിച്ചു് ഒരുടമ്പടി ഉണ്ടാകുന്നില്ല എങ്കിൽ ഇന്ത്യാ ഗവണ്മേണ്ടു് മറെവു കക്ഷികളിൽനിന്നു് നിർദ്ദേശം സ്വീകരിക്കുമെന്നും പ്രസ്താവിച്ചുവത്രെ.

പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരത്തോടെ പെട്രോ–കെമിക്കൽ വ്യവസായങ്ങളുടെ സാമഗ്രസ്യരൂപം നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു. ഗുജറാത്തിൽ ഇത്തരം വ്യവസായങ്ങൾ ഏറ്റെടുത്തുനടത്തുവാനുള്ള പദ്ധതികൾ പരിശോധിക്കുന്നുണ്ടു്. മദ്രാസിൽ എണ്ണശുദ്ധീകരണശാല സ്ഥാപിച്ചുകഴിഞ്ഞിട്ടില്ലെങ്കിലും പെട്രോ–കെമിക്കൽ വ്യവസായം ഏറ്റെടുത്തുനടത്തുവാനുള്ള പദ്ധതികൾ പരിശോധിക്കുന്നുണ്ടു്. മദ്രാസിൽ എണ്ണശുദ്ധീകരണശാല സ്ഥാപിച്ചുകഴിഞ്ഞിട്ടില്ലെങ്കിലും പെട്രോ–കെമിക്കൽ വ്യവസായം ഏറ്റെടുത്തുനടത്തുന്നതു കരുതപ്പെടുന്നു. ഒരുപക്ഷെ എണ്ണശുദ്ധീകരണശാലയോടൊപ്പം പെട്രോ–കെമിക്കൽ വ്യവസായങ്ങളും പൂർത്തിയാകുന്നതാണു്. ഇന്ത്യയിൽ വില്പനചെയ്യുന്ന പെട്രോളിയം ഉല്പന്നങ്ങൾക്കു് വില നിശ്ചയിക്കുന്നതിനു് തല്പരകക്ഷികൾ സമിതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ

ഗവർണ്ണർപദത്തോടുള്ള മാധവൻനായരുടെ വിരക്തി

രാഷ്ട്രീയകേന്ദ്രങ്ങളിലെ അഭിപ്രായഗതി

(സ്വ. ലേ.) ന്യൂഡൽഹി, ഏ. 25

കേരളാഗവണ്ണർ എ. പി. ജയിനും അഡ്വൈസർ ആർ. പ്രസാദും ഡൽഹിയിലെത്തുംമുമ്പേതന്നെ കെ. പി. മാധവൻനായർ ഡൽഹിയിലെത്തി ശാസ്ത്രിയുമായി സംസാരിച്ചതും ഗ്രജറാത്തു് ഗവണ്ണർപദം താനിഷ്ടപ്പെടുന്നില്ലെന്നു് പെട്ടെന്നു് വ്യക്തപ്പെടുത്തിയിട്ടുള്ളതും ഇവിടത്തെ രാഷ്ട്രീയകേന്ദ്രങ്ങളിൽ പല ഊഹാപോഹങ്ങൾക്കും ഇടനൽകിയിരിക്കുന്നു.

ഗ്രജറാത്തു് ഗവണ്ണർസ്ഥാനം മാധവൻനായക്കു് ഇഷ്ടമാനമായി വാഗ്ദത്തം ചെയ്തിട്ടു് നാളകളേറെയായി. ഇന്നലെവരേയും താനതു് ഇഷ്ടപ്പെടുന്നില്ലെന്നു് ധ്വനിവരുന്ന ഒരു സൂചനപോലും അദ്ദേഹത്തിൽനിന്നു് ഉയർന്നുകേട്ടിട്ടില്ല. കഴിഞ്ഞദിവസം അദ്ദേഹം ശാസ്ത്രിയും മറ്റു് ബന്ധപ്പെട്ടവരുമായി സംസാരിച്ച. ജയിൻ കേരളത്തിൽനിന്നു് എത്തുന്നതിനുമുമ്പുതന്നെ അതെല്ലാം കഴിഞ്ഞിരുന്നു. ഉടനെതന്നെ പ്രസ്താവനയുണ്ടായി. വ്യക്തിപരമായ കാരണങ്ങളിൽ താൻ ഗവണ്ണർപദവി സ്വീകരിക്കുന്നില്ലെന്നു്. കെ. പി. സി. സി. പ്രസിഡണ്ടുപദം രാജിവെയ്ക്കാൻ തന്നെ നിർബ്ബന്ധിച്ച കാരണങ്ങളും ഇപ്പോഴും നിലനില്ക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തിട്ടുണ്ടു്.

എന്നാൽ ഇതൊന്നും ഗവണ്ണർപദം നിരസിക്കാനുള്ള കാരണങ്ങളാകുമെന്നു് ഇവിടത്തെ രാഷ്ട്രീയകേന്ദ്രങ്ങൾക്കും വിശ്വസിക്കുന്നില്ല. കെ. പി. സി. സി. പ്രസിഡണ്ടുസ്ഥാനം രാജിവയ്ക്കാൻ ഗ്രൂപ്പു രാഷ്ട്രീയക്കുത്തുകളാണു് മാധവൻനായരെ പ്രേരിപ്പിച്ചതെന്നു് അന്നു് വ്യക്തമാക്കിയിരുന്നു. കേരളത്തിലെ അന്നത്തെ ഗ്രൂപ്പുരാഷ്ട്രീയക്കാരിൽ ഒരു പേരിക്കാർ ഇപ്പോൾ കൂടാരം വിട്ടുപോയിക്കഴിഞ്ഞു. ഇനി ശേഷിക്കുന്നതു് കെ. പി. സി. സി. ഗ്രൂപ്പാണു്. അതിൽത്തന്നെ നായർ–ഈഴവ സബ് ഗ്രൂപ്പുകളുണ്ടു്. ഇതിൽ ഈഴവഗ്രൂപ്പിന്റെ നേതാവു് ശങ്കറും നായർഗ്രൂപ്പിന്റെ നേതാക്കൾ എറണാകുളം മിത്രിയിലെ ആധ്യന്മാരുമാണു്. ആ ഗ്രൂപ്പിൽ മാധവൻനായക്കു് പങ്കില്ലെന്നു് പറഞ്ഞൊഴിഞ്ഞാൽ വിശ്വസിക്കാൻ ആരും കണ്ടുനിന്നവരില്ല. അപ്പോൾ ഒരു ഗ്രൂപ്പിനു് പ്രാബല്യം നല്കുന്ന മാധവൻനായർ, ഗവണ്ണർപദത്തിനുള്ള തന്റെ വിസമ്മതത്തിനു കെ. പി. സി. സി. പ്രസിഡണ്ടുപദം രാജിവെയ്ക്കുന്നതിനു മുമ്പുതന്നെ വ്യക്തമാക്കിയതെന്തിനു് എന്നു് വ്യാഖ്യാനം കൊടുത്താൽ അതു് അത്രപെടാതെ വിശ്വസിക്കാൻ ഇവിടത്തെ രാഷ്ട്രീയ കേന്ദ്രങ്ങളെ തയ്യാറില്ല. പാരെങ്കിൽ മാധവൻനായർ തിരക്കൊച്ചി കോൺ: നേതാവും അഖിലേന്ത്യാ കോൺ: ജനറൽ സെക്രട്ടറിയുമൊക്കെയായിരുന്നകാലത്തും തിരുക്കൊച്ചി കോൺഗ്രസ്സിൽ ഗ്രൂപ്പിസം മുഴച്ചുനിന്നിരുന്നു. 1948ൽ പട്ടത്തിന്റെ അദ്ധ്യത്തെ മന്ത്രിസഭയേയും പിന്നീടു് വന്ന താരായണപ്പിള്ളയുടെ മന്ത്രിസഭയേയും തകർക്കാൻ കേശവന്റെ മന്ത്രിസഭയും തകർത്തുകളഞ്ഞതു് ഗ്രൂപ്പിസവുമായിരുന്നു. അന്നു് ഗ്രൂപ്പിസത്തിന്റെ വക്താവായി മാധവൻനായരുടെ എറ്റവും അടുത്ത സഹപ്രവർത്തകനുമായിരുന്നു. അങ്ങിനെ ഗ്രൂപ്പിസം തകർക്കുകയും ചെയ്തു മാധവൻനായരാണു്. ഇപ്പോഴും കെ. പി. സി. സി. പ്രസിഡണ്ടുസ്ഥാനം രാജിവെയ്ക്കുന്നതിനുള്ള സാഹചര്യങ്ങളും നിലവിൽ നില്ക്കുന്നതായി കാണുന്നില്ല.

കേരളകാര്യങ്ങൾക്കു കാബിനറ്റ് സബ്കമ്മിറ്റി

(പി ടി ഐ) ന്യൂഡൽഹി, ഏ 24

കേരളകാര്യങ്ങൾക്കുവേണ്ടി ആഭ്യന്തരമന്ത്രി ജി. എൽ. നന്ദ ചെയർമാനായി യൂണിയൻ കേബിനറ്റിന്റെ ഒരു കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു.

മൊ. ടി. ടി. കൃഷ്ണമാചാരി, സി. സുബ്രഹ്മണ്യം, ടി. എൻ. സിങ്ങ് എന്നിവരാണു് മറ്റംഗങ്ങൾ.

പ്ലാനിങ്ങ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ അശോകമേത്ത സ്ഥിരമായി കമ്മിറ്റിയുടെ യോഗത്തിലേക്കു് ക്ഷണിക്കപ്പെടും. കേരള ഗവണ്ണർ മി. എ. പി. ജയിൻ ക്ഷണിക്കപ്പെടുന്നതും അദ്ദേഹത്തിന്റെ സൌകര്യത്തിനനുസരിച്ചു് യോഗത്തിൽ സംബന്ധിക്കാവുന്നതുമാണു്.

കമ്മിറ്റിയുടെ പ്രഥമയോഗം ഏപ്രിൽ 27–ലെ കേരളാ ഗവണ്ണരുടെ ഡൽഹിസന്ദർശനത്തോടനുബന്ധിച്ചു് നടക്കുന്നതാണു്.

.....

റവ: ഫാ: മാത്യു തരകനു സ്വീകരണം

പാവറട്ടി ഏ. 23

കഴിഞ്ഞ 21–ാം തു: കോട്ടഗിരിയിൽവെച്ചു 'സലേഷ്യൻ' സഭാംഗമായി ഗ്രന്ഥപട്ടം സ്വീകരിച്ച നവപുജാപ്പണത്തിനായി 22–ാംതു: ഉച്ചകഴിഞ്ഞു് 2 30 നു് സ്വന്തം ഇടവകയായ പാവറട്ടിയിൽ എത്തിചേർന്ന റവ. ഫാ. മാത്യു തരകനു് സി എസ്സ്. ബി. ഡി. ഇടവക്കാരുടെ വകയായി ഒരു ഗംഭീരസ്വീകരണം നൽകുകയുണ്ടായി. തുടർന്നു് നടത്തിയ നവപൂജാപ്പണത്തിനു ശേഷം വെ. റവ. ഫാ. അലിഫിയൂസു് (സി. എം. ഐ.) യുടെ അദ്ധ്യക്ഷതയിൽ കൂടിയ അനുമോദനയോഗത്തിൽ ഫാ, സിറിയക്കു് വടക്കൻ പീ. ഡി. ജോസു് എന്നിവരുടെ, പള്ളിസ്സ്കൂളിൽവെച്ചു മേന്നിലുള്ള സുഹൃൽ സമ്മേളനത്തിൽ പീ. എൽ. തോമാസു് ബി. എ. രാഫേൽ തോമാസു് ബി. എ. എൽ. ടി., എന്നിവരും നവ വൈദികനെ അനുമോദിച്ച പ്രസംഗിക്കുകയുണ്ടായി. നവ വൈദീകനെ ഇടവക്കാരുടെ പേരിൽ സ്വാഗതം ചെയ്തുകൊണ്ടു പള്ളി വികാരി റവ. ഫാ ർ പോൾ മഞ്ഞളി പ്രസംഗിക്കയുണ്ടായി. നവ വൈദീകൻ സ്വീകരണത്തിനും, അനുമോദനങ്ങൾക്കും സുചിതമായ നന്ദി പറഞ്ഞു.

പുഴയ്ക്കൽ ബ്ലോക്കിൽ 3,65,688 രൂപാ ചിലവഴിച്ചു

പുഴയ്ക്കൽ, ഏ. 25

പുഴയ്ക്കൽ വികസനബ്ലോക്കിന്റെ ഒന്നാംഘട്ടത്തിൽ വിവിധപ്രവർത്തനങ്ങൾക്കായി 3,65,688 രൂപാ ചിലവഴിച്ചിട്ടുള്ളതായി ബ്ലോക്ക് ഡവലപ്പ്മെന്റ് കാഫീസറുടെ റിപ്പോർട്ടിൽ പറയുന്നു. ആദിൽ 2,01,802 രൂപായും കഴിഞ്ഞ സാമ്പത്തിക വർഷത്തിലാണു് ചിലവഴിച്ചതു്. കൃഷി, മൃഗസംരക്ഷണം എന്നിവയ്ക്കു് 52,307 രൂപായും ജലസേചനത്തിനു 33,615 രൂപായും ആരോഗ്യശുചീകരണത്തിനു 14,272 രൂപായും ഗതാഗതവികസനത്തിനു 6,999 രൂപായും ഗ്രാമീണ കരകൌശലങ്ങൾക്കും വ്യവസായങ്ങൾക്കും 9,463 രൂപായും വിദ്യാഭ്യാസത്തിനു 3,878 രൂപായും സാമൂഹ്യവിദ്യാഭ്യാസത്തിനു 4,953 രൂപായുമാണു് കഴിഞ്ഞ വർഷത്തിൽ ചിലവഴിക്കപ്പെട്ടിട്ടുള്ളതു്.

.....

അപേക്ഷ ക്ഷണിക്കുന്നു

തൃശ്ശൂർ, ഏ. 24

കേരളാ സ്റ്റേറ്റ് സഹ്വീസിൽ ഡിവിഷനൽ എക്കൌണ്ടൻറ് കൃഷിവകുപ്പിൽ അഗ്രിക്കൾച്ചറൽ അസിസ്റ്റൻറ് ഓപ്പറേറർ; മെഡിക്കൽ കോളേജിൽ ഓപ്പറേഷനൽ തൊപ്പിസ്റ്റ്: സയിന്റിഫിക് അസ്സിസ്റ്റൻറ് (ബാക്ടീരിയോളജിസ്റ്റ്) ആൻറ് ഗൈനോക്കോളജി വിഭാഗം) സയിൻറിഫിക് അസ്സിസ്റ്റൻറ് (സർജറി വിഭാഗം) മുനിസിപ്പാലിറ്റിയിൽ ഹെൽത്തു് അസ്സിസ്റ്റൻറ് ഗവണ്മേണ്ടു പ്രസ്സിൽ റോട്ടപ്രിൻറ് ടൈപ്പിസ്റ്റ് എന്നീ ജോലികൾക്കു പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചിരിക്കുന്നു. വിശദവിവരങ്ങൾ ഏപ്രിൽ 20–ാംതീയതിയിലെ ഗസററിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

....

നിര്യാതനായി

കണ്ണംകുളങ്ങര, ഏ 22

തൃശ്ശൂർ കൊച്ചിൻ നാഷനൽബാങ്കിൽ 30 വർഷത്തോളം സേവനം അനുഷ്ഠിച്ചു് ജനറൽ മാനേജരായി റിട്ടയർ ചെയ്ത കുട്ടാലെ കുട്ടൻ വേലായുധൻ ഇന്നലെ കാലത്തു് 11 മണിക്കു് തന്റെ 64–ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. പരേതൻ കുറെക്കാലം കുക്കുഞ്ചേരി എസ്സ്. എൻ. ബി. പി. യോഗത്തിന്റെ പ്രസിഡണ്ടായിരുന്നു. കുക്കുഞ്ചേരി പരസ്പരസഹായ സംഘത്തിലേയും കണിമംഗലം പബ്ലിക് ലൈബ്രറിയുടെ ഒരു സജീവ പ്രവർത്തകനുമായിരുന്നു.

കേരളത്തിനു പുറത്തു് ചികിത്സയ്ക്കു വരുന്നവർക്കു് പുതിയരോഗം വള്ളത്തിൽ ഒരു പകരം നല്കുന്ന ഇരിങ്ങാലക്കുട ആസ്പത്രി

പഞ്ചവത്സരപദ്ധതി നേട്ടങ്ങളുടെ ഗിരിപ്രഭാഷണവുമായി നടക്കുന്ന സക്കാരൊന്നു ശ്രദ്ധിക്കുമോ

[സ്വ. ലേ.] ഇരിങ്ങാലക്കുട, ഏപ്രിൽ 24

ഇരിങ്ങാലക്കുട ഗവണ്മേണ്ടാസ്പത്രിയിൽ സേവനസന്നദ്ധരും, നിസ്വാർത്ഥരും ചികിത്സാവിഭഗ്ദ്ധരുമായ ഡോക്ടർമാരും മരുന്നു ജോലിക്കാരുമുണ്ടു്. പക്ഷെ ആവശ്യത്തിനുള്ള ജോലിക്കാരൊ, ഉപകരണങ്ങളോ മരുന്നു സൌകര്യങ്ങളോ ഇല്ലാത്തതു് മൂലം ഇന്നു ആസ്പത്രി നരകതുല്യമായിരിക്കുകയാണു്. രോഗത്തോളം നേഴ്സ്മാരുടെ പോസ്റ്റിങ്ങുള്ള ഈ ആസ്പത്രിയിൽ മൂന്നു നേഴ്സുമാരാണു് ജോലിക്കുള്ളതു്. ബാക്കിയുള്ള സ്ഥാനങ്ങളിലേയ്ക്കു് വളരെകാലമായിട്ടും പകരം ആളെ നിയമിച്ചിട്ടില്ല. ഇതിൽ രാത്രി ഡ്യൂട്ടിയുള്ള നേഴ്സ് കഴിച്ചാൽ രണ്ടുപേരാണു് 9 വാർഡുകളിൽ ജോലി നോക്കുവാനുള്ളതു് പനിയും പഥ്യംപറയാനുള്ളവർക്കു് ചാർട്ടറിൽ രേഖപ്പെടുത്തുക, മരുന്നുകഥം കൊടുക്കുക, കത്തിവെപ്പു നടത്തുക, കാപ്പുറേഷൻ കേസുകളിൽ പ്രത്യേകം ശ്രദ്ധിക്കുക, കാപ്പുറേഷൻ നടക്കുന്ന സമയങ്ങളിൽ അവിടെ ശ്രദ്ധചെലുത്തുക–ഇടക്കിടെ നിരവധി കാര്യങ്ങൾ മുഴുവൻ ഒരു നേഴ്സ് എങ്ങിനെ നിവ്വഹിക്കും തന്മൂലം ഒഴിവു സമയങ്ങളിലും വിശ്രമമില്ലാതെ അവർ ജോലി ചെയ്തിട്ടും അവസാനിക്കുന്നില്ല. ഇതിനും പുറമെ ഈ ജോലിക്കാരെല്ലാം ഹിന്ദുക്കളാണെ ഹിന്ദുക്കളുടേതായ വിശേഷദിവസങ്ങളും വരികയും ഇവർ അവധിയെടുക്കുകയും ചെയ്താൽ ഡ്യൂട്ടിക്ക ആളുമുണ്ടാകില്ല. ഇക്കഴിഞ്ഞ വിഷുക്കാലത്തു് മൂന്നുദിവസം രാത്രി ഡ്യൂട്ടിക്ക നേഴ്സ്മാരുണ്ടായിരുന്നില്ല. പകലാണെങ്കിൽ രണ്ടു നേഴ്സുമാർ അധികം എടുക്കാതെ ജോലി ചെയ്യും. ഇതുപോലെ തന്നെ മറെറ ജോലിക്കാരും കൂടെകൂടെയാൽ വളരെ ബുദ്ധിമുട്ടുകളുണ്ടു്. പാല്, കഞ്ഞി തുടങ്ങിയവ രോഗികളോ, അവരുടെ ആൾക്കാരൊ പോയി വാങ്ങി കൊണ്ടുവരണം.

സാമ്പത്തികമായ പുറകോട്ടുപോക്കുകയാണു് ഭേദം. വാർഡിന്റേയും കാപ്പുറേഷൻ തിയേറ്ററിന്റേയും പരിസരങ്ങളും മുഴുവനും മലിനജലം കെട്ടി നില്ക്കുകയാണു്. മലമൂത്രം കൊണ്ടു കളയുന്ന കാര്യത്തിൽ രോഗികളുടെകൂടെ വരുന്നവക്കു ഒരു നിഷ്ക്കർഷയുമില്ല. ആരും അവക്കു നിർദ്ദേശം കൊടുക്കുവാനുമില്ല. ഈ മലിനജലം ഒന്നായി ഒർഗ്രാം വമിക്കുന്ന മട്ടിൽ ഭൂമിയിൽ എത്തി ചേരത്തക്കവിധം എന്തെങ്കിലും ഏർപ്പാടുകളും ചെയ്യേണ്ടിയിരിക്കുന്നു. കക്കൂസിൽ മലം കെട്ടി നില്ക്കുകയാൽ ആക്കുപയോഗിക്കുവാൻ പാറാത്ത നിലയിലാണു് കിടപ്പു. കാരണം വെള്ളത്തിന്റെഅഭാവമാണു്. പൈപ്പുകളുണ്ടെങ്കിലും വെള്ളമില്ല. കറച്ചുകറെക്കുള്ളതു് ഉപയോഗിക്കുന്നവരിലുമുണ്ടു്. മൂത്രപ്പുരയും, തുടങ്ങിയ ഉപകരണങ്ങളും ഒന്നും രണ്ടും വാർഡുകളിലേക്കു കാരോന്നാണുള്ളതു്.

കട്ടിലിന്മേൽ സ്ഥലമില്ലാത്തതിനാൽ വളരെപേക്ക താഴെകിടക്കേണ്ടിവരുന്നു. വരാന്തകളിലും നിറയെ രോഗികളാണു്. വേണ്ടതു് വാർഡുകളും പണിയുന്നതിനു ആസ്പത്രിപരിസരങ്ങളിൽസ്ഥലമില്ലാഞ്ഞിട്ടല്ല. പക്ഷെ ആരും അതിനു ശ്രമിക്കുന്നില്ല. ഇപ്പോഴുള്ള ചില വാർഡുകളും, പഴയ കൊച്ചിയായിരിക്കുന്ന കാലത്തു് പഴയ രീതിയിൽ പണിതിട്ടുള്ളതിനാൽ കാറ്റോ വെളിച്ചമോ ഇല്ലാത്ത രീതിയിലാണു്. മൂത്രയ്ടേയും കൊതുകിന്റേയും ശല്യംമൂലം ഒററരോഗികളും ഉറങ്ങാറില്ല. മൂട്ടയെ വാരികളയാം. വളരെകാലത്തെ പഴക്കംപൊന്ന കിടക്കകളും തലയിണകളും വിരികളുമാണുള്ളതു്. അതുമാറി പുതിയവ ഉണ്ടാക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാകും. കാരണം രോഗികൾ ഒഴിവായ സമയം ഉണ്ടാകുന്നതല്ലല്ലോ. പക്ഷെ ഒരു രോഗി പോയാൽ ആ കിടക്കയെയിലത്തിട്ടു ഉണക്കിയും, കട്ടിൽ വെടിപ്പാക്കിയും പുതിയവിരി നൽകിയും ഉപയോഗിക്കുവാൻ കൊടുക്കാറുന്നതാണു്. എതു രോഗികൾ കിടന്നതായാലും, അതു ഏതുതരത്തിലുള്ള രോഗികളായാലും പുതിയ ഒരു രോഗി വന്നാൽ അതേ വിരിതന്നെ യായിരിക്കും ലഭിക്കുക. തന്മൂലം ഒരു രോഗവുമായി വരുന്നാൾ മറെറാരുരോഗവുമായിട്ടാണു് പോവുക. വിരികഥം കരവാണെന്നും, അലക്കി കിട്ടുന്നില്ലെന്നുമാണു് ഇതിനു കാരണമായി പറയുന്നതു്.

സന്ദർശകബാഹുല്യം ഒരു ശല്യമായിരിക്കുന്നു. രാത്രിയിൽ ഔട്ട്പേഷന്റ് സിനിമകഴിഞ്ഞ വരുന്നവരുടെ സങ്കേതമാണു്.

ഇങ്ങിനെ പറഞ്ഞാൽ തീരാത്ത പരാതികളാണു് ഈ ആസ്പത്രിയിലുള്ളതു്. കറെയെല്ലാം ഗവണ്മേണ്ടുചെയ്യേണ്ട കാര്യങ്ങളാണു്. അതിനു നാട്ടുകാരോ, രാഷ്ട്രീയപ്പാർട്ടികളോ, മുനിസിപ്പാലിറിക്കോ, പഞ്ചായത്തുകഥംതുടങ്ങിയവയൊന്നും ശ്രദ്ധിക്കുന്നതുമില്ല. അവർ വരുകയോ, അന്വേഷിക്കുകയോ ചെയ്യുന്ന ഏർപ്പാടുകളില്ല. കറെയെല്ലാം ഡോക്ടർമാരും ആസ്പത്രിജോലിക്കാരും മനസ്സിലാക്കിയാൽ നാക്കാവുന്ന കാര്യങ്ങളുമാണു്. കറെ ഓണററി സർവ്വീസ് സംഘടനകളുടെ പ്രവർത്തനങ്ങൾ ഈ ആസ്പത്രിയിൽ വരുന്നതായി കാണുന്നുണ്ടു്. അതിനു പുറമെ ഓപ്പറേഷൻ തിയേറ്ററിൽ ഒരു പെട്രോമാക്സ്സോ വാർഡൊന്നുക്കു് ഓരോ ഹരിക്കുലാമ്പോ കരുതണം. ഇങ്ങനെ പല കാര്യങ്ങളും അടിയന്തിരമായി ചെയ്യേണ്ടതുണ്ടു്.

ഒരു എക്സ്റേ സ്ഥാപിക്കേണ്ടതും അടിയന്തിരമായ ഒരു കാര്യമാണു്. എന്തായാലും ഒരു മുനിസിപ്പൽ പട്ടണത്തിൽ യാതൊരു സൌകര്യവുമില്ലാത്ത ഒരാസ്പത്രിയെപ്പററി ശ്രദ്ധിക്കാതിരിക്കുന്നതു ഇന്നാട്ടുകാക്കു ക്ഷീണമാണെന്നു് തോന്നുന്നില്ല.

....

തിന്നാൻ കൊടുത്തതോറാ

പാരീസ് ഏപ്രിൽ 24

പ്രസിഡണ്ടു് ഡിഗാളെയുടെ വസതിയായ എലൈസി കൊട്ടാരത്തിലെ പ്രധാന പാചകനായ ബർണാഡ് കോമിയാർ പ്രസിഡണ്ടിന്റെ ആതിഥ്യമര്യാദകളുടെ ധാരാളിത്വം നിമിത്തം പരീക്ഷിണിതനായിജോലിവിട്ടുപോന്നിരിക്കുന്നു. ഡിഗാളെയുടെകൂടെ ജോലിക്കു നിൽക്കണമെങ്കിൽ ആക്കം നല്ലമനക്കട്ടി വേണമെന്നാണു് ഇയാളുടെ അഭിപ്രായം 10 അതിഥികൾക്കുവേണ്ട ഭക്ഷണമെല്ലാം തയ്യാറാക്കിക്കൊണ്ടിരിക്കുമ്പോഴായിരിക്കും ഉടനെ 200 പേർക്കുള്ള ഓർഡർ തരുന്നതു്. അതും രാജാക്കന്മാർ പ്രസിഡണ്ടന്മാർ, രാജ്ഞിമാർ, ആഫ്രിക്കർ, അമേരിക്കർ, ചൈനാക്കാർ ഇങ്ങനെ വിവിധതരക്കാരും രുചിക്കുന്നുമാണതെ വിരുന്നിനു വരുന്നതു്. ഇവരെയെല്ലാം കൊണ്ടു് ബർണാഡ് മടുത്തു. ജോലിയുപേക്ഷിച്ചു പോരികയും ചെയ്തു. ഭാര്യയോടെന്നിച്ചു് ഒരു ഹോട്ടൽ നടത്തുവാനാണു് അയാളുടെ ഇനിയുള്ള ഉദ്ദേശം.

Printed and Published by Paul Valappila for the A. C. P. Institute at the Thozhilali Press Trichur.

മലയാറ്റൂർ പൊന്നിൻകുരിശുമല മുത്തപ്പന്റെ തിരുന്നാൾ

പതിനായിരക്കണക്കിനു് തീർത്ഥാടകർ സംബന്ധിച്ചു

[സ്വ ലേ] അങ്കമാലി, ഏ. 25

മദ്ധ്യകേരളത്തിലെ ഏറ്റവും വലിയ തീർത്ഥകേന്ദ്രമായ മലയാറ്റൂർ പൊന്നിൻകുരിശുമലയിലെ തിരുന്നാളാഘോഷം ഇന്നലേയും ഇന്നുമായി ഭക്ത്യാദരപൂർവ്വം ആഘോഷിക്കപ്പെട്ടിരിക്കുന്നു.

മുൻ കൊല്ലങ്ങളെ അപേക്ഷിച്ചു് ഇക്കൊല്ലം തീർത്ഥാടകരുടെ സംഖ്യ കൂടുതലായിരുന്നു. പതിനായിരക്കണക്കിനു തീർത്ഥാടകർ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും തമിഴ്നാടു് തുടങ്ങിയ ദൂരദേശങ്ങളിൽനിന്നും ഈ കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ എത്തി ആദ്ധ്യാത്മിക വരപ്രസാദം നേടി തിരിച്ചുപോയിക്കൊണ്ടിരിക്കുന്നു. ഇന്നലെ മുതൽ കുരിശുമലയിലേയ്ക്കുള്ള തീർത്ഥകരുടെ ഒഴുക്കിനു് ശക്തികൂടി. തൃശ്ശൂർ എറണാകുളം എന്നീ ജില്ലകളുടെ മിക്ക ഭാഗങ്ങളിൽനിന്നും നിരവധി സ്പെഷൽ ബസ്സുകളും മലയുടെ അടിവാരംവരെ കാടിയിരുന്നു. കാൽനടയായും തീവണ്ടി, കാർ, കട്ടവണ്ടി എന്നീ വാഹനങ്ങളിലും ആയിരക്കണക്കിനാളുകളാണു് ഈ തീർത്ഥകേന്ദ്രത്തിൽ എത്തി. തെളിഞ്ഞ അന്തരീക്ഷമായിരുന്നതുകൊണ്ടു് തീർത്ഥകർക്കു് വരെ സൌകര്യമുണ്ടായിരുന്നു.

ഇന്നലെ പുലച്ചെ മുതൽ ഇന്നു് ഉച്ചവരേയും മലമുകളിൽ തുടച്ചയായി ദിവ്യബലിനടന്നുകൊണ്ടിരുന്നു. പതിനായിരങ്ങൾ ദിവ്യബലികളിൽ സംബന്ധിച്ചു് ദിവ്യകാരുണ്യം സ്വീകരിക്കുകയുണ്ടായി.

ഒരിക്കലും അണഞ്ഞുപോകാത്ത ഒരു ആദ്ധ്യാത്മിക പ്രബുദ്ധതയാണു് അങ്കമാലി മുതൽ കുരിശുമലവരേയുള്ള പ്രദേശത്തു് കാണാൻ കഴിഞ്ഞതു്. "പൊന്നിൻ കുരിശുമുത്തപ്പാ" എന്ന വിളികഥം ആ അന്തരീക്ഷം മുഴുവൻ അലിഞ്ഞുചേർന്നിരുന്നു.

അടിവാരത്തുള്ള തടത്തിലെ പള്ളിയിലും ഇന്നലെയും ഇന്നും പ്രത്യേക തിരക്കുണ്ടായിരുന്നു. ദിവ്യബലിക്കും കുമ്പസാരത്തിനും നേർച്ചകാഴ്ചകൾക്കും തീർത്ഥാടകരെ പരിചരിക്കുന്നതിനുമായി നൂറുകണക്കിനു വൈദികരാണു് ഇവിടെ എത്തിച്ചേർന്നിരുന്നതു്. കുരിശുമലയിലേയ്ക്കുള്ള വഴിയിലുടനീളവും കുരിശുമലയിലും ഭക്തജനങ്ങൾക്കു് ആവശ്യമായ കുടിവെള്ളവും ഭക്ഷണസാധനങ്ങളും ലഭിക്കുന്നതിനുള്ള സൌകര്യങ്ങൾ ചെയ്തിരുന്നു